**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **26-06-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഓഫീസുകളിലെ അപേക്ഷകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.വി.സുമേഷ്</td><td colspan="2">ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>രജിസ്ട്രേഷൻ ഓഫീസുകളിൽ ഏതൊക്കെ അപേക്ഷകളാണ് ഓൺലൈനായും മാനുവലായും നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>ഓൺലൈനായി അപേക്ഷ നൽകേണ്ടവ<br>1. ആധാര രജിസ്ട്രേഷൻ അപേക്ഷ<br>2. ബാധ്യത സർട്ടിഫിക്കറ്റ് അപേക്ഷ<br>3. ലിസ്റ്റ് സർട്ടിഫിക്കറ്റ് അപേക്ഷ<br>4. ആധാര പകർപ്പിനുള്ള അപേക്ഷ<br>5. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷനുള്ള അപേക്ഷ<br>6. സ്പെഷ്യൽ മാര്യേജ് സർട്ടിഫിക്കറ്റ് അപേക്ഷ<br>7. ചിട്ടി രജിസ്ട്രേഷൻ<br>മാനുവലായി അപേക്ഷ നൽകേണ്ടവ<br>ആധാര രജിസ്ട്രേഷനായി ഫീസ് ഒടുക്കിയതിന് ശേഷം ആധാരം രജിസ്ട്രേഷൻ നടക്കാത്ത സാഹചര്യത്തിൽ ഫീസ് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ</td></tr>
<tr><td>(ബി)</td><td>ഓരോ അപേക്ഷകൾക്കുമൊപ്പം നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>ഓൺലൈൻ അപേക്ഷകൾക്കൊപ്പം രേഖകൾ ഒന്നും നൽകേണ്ടതില്ല.<br>ഫീസ് റീഫണ്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ:<br>1. ഫീസ് രസീത്<br>2. റീഫണ്ട് അപേക്ഷ ഫീസ് രസീത്<br>3. റീഫണ്ട് അപേക്ഷ<br>4. ജില്ലാ രജിസ്ട്രാറുടെ ഉത്തരവിന്റെ പകർപ്പ്<br>5. ബന്ധപ്പെട്ട ആധാരത്തിന്റെ പകർപ്പ്</td></tr>
<tr><td>(സി)</td><td>ഓരോ അപേക്ഷകളും തീർപ്പുകൽപ്പിക്കുന്നതിന് സമയപരിധി ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?</td><td>(സി)</td><td>15/12/2012 -ലെ 1480 -ാം നമ്പർ കേരള എക്സ്ട്രാ ഓർഡിനറി ഗസറ്റിൽ E1/2450/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം സേവനാവകാശ നിയമം അനുസരിച്ച് രജിസ്ട്രേഷൻ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മേൽ വിവരിച്ച അപേക്ഷകൾക്കുള്ള സമയ പരിധി ചുവടെ വിവരിക്കുന്നു.<br><table><tr><td>1</td><td>ആധാര രജിസ്ട്രേഷൻ അപേക്ഷ</td><td>രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി തിരികെ നൽകുന്നത് സാധ്യമാകുമെങ്കിൽ അന്നു തന്നെയും പരമാവധി 3 ദിവസത്തിനകവും.</td></tr></table></td></tr>
</table>

| | | |
|---|---|---|
| 2 | ബാധ്യത സർട്ടിഫിക്കറ്റ് അപേക്ഷ | കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമായ കാലയളവിലുള്ള അപേക്ഷകൾ അപേക്ഷ സ്വീകരിച്ചതിന്റെ അടുത്ത പ്രവൃത്തി ദിവസം 3.30 PM മുതൽ 3 ദിവസം.<br><br>കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമല്ലാത്ത കാലയളവിലുള്ളതാണെങ്കിൽ 7 ദിവസം |
| 3 | ലിസ്റ്റ് സർട്ടിഫിക്കറ്റ് അപേക്ഷ | കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമായ കാലയളവിലുള്ള അപേക്ഷകൾ അപേക്ഷ സ്വീകരിച്ചതിന്റെ അടുത്ത പ്രവൃത്തി ദിവസം 3.30 PM മുതൽ 3 ദിവസം.<br><br>കമ്പ്യൂട്ടറിൽ ഡാറ്റ ലഭ്യമല്ലാത്ത കാലയളവിലുള്ളതാണെങ്കിൽ 7 ദിവസം |
| 4 | ആധാര പകർപ്പിനുള്ള അപേക്ഷ | സാധ്യമാകുമെങ്കിൽ അപേക്ഷ സമർപ്പിച്ച അന്നു തന്നെ അല്ലെങ്കിൽ 2 ദിവസത്തിനകവും. |
| 5 | സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷനുള്ള അപേക്ഷ | നോട്ടീസ് സ്വീകരിക്കുന്നതിന് 30 മിനിട്ട്, രജിസ്ട്രേഷന് 2 മണിക്കൂർ. |
| 6 | സ്പെഷ്യൽ മാര്യേജ് സർട്ടിഫിക്കറ്റ് അപേക്ഷ | സേവനാവകാശ നിയമ പ്രകാരം പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ല. |
| 7 | ചിട്ടി രജിസ്ട്രേഷൻ | രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി തിരികെ നൽകുന്നതിന് 2 ദിവസം. |
| 8 | രജിസ്ട്രേഷൻ നടക്കാത്ത സാഹചര്യത്തിൽ ഫീസ് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ | ഒരു മണിക്കൂർ |

സെക്ഷൻ ഓഫീസർ